പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 340 — 03.02.2020 ൽ മറുപടിയ്ക്ക്

## സിവിൽസപ്ലൈസ് കോർപറേഷനിലെ മുൻകാല ജീവനക്കാരുടെ ശമ്പള കുടിശ്ശിക

ചോദ്യം
ശ്രീ.അനൂപ് ജേക്കബ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപറേഷനിൽ പി.എസ്.സി വഴി ജോലിയിൽ പ്രവേശിച്ചവർ മറ്റു വകുപ്പുകളിലെ ഉയർന്ന തസ്തികകളിൽ പി.എസ്.സി വഴി നിയമിക്കപ്പെടുന്ന പക്ഷം അവർ റിലീവ് ചെയ്താണോ അതോ റിസൈൻ ചെയ്താണോ ജോലിയിൽ പ്രവേശിക്കേണ്ടത്; വ്യക്തമാക്കുമോ; | (എ) | സിവിൽ സപ്ലൈസ് കോർപറേഷനിൽ പി.എസ്.സി വഴി ജോലിയിൽ പ്രവേശിച്ചവർ മറ്റു വകുപ്പുകളിലെ ഉയർന്ന തസ്തികകളിൽ പി.എസ്.സി വഴി നിയമിക്കപ്പെടുന്ന പക്ഷം രാജിവെച്ചാണ് പുതിയ ജോലികളിൽ പ്രവേശിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ പി.എസ്.സി വഴി മറ്റു ജോലികളിൽ പ്രവേശിച്ചവർക്ക് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപറേഷനിൽ ജോലി ചെയ് തിരുന്ന കാലയളവിൽ ലഭ്യമാകേണ്ട ശമ്പള കുടിശ്ശിക തുക നൽകാറുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | സപ്ലൈകോയിൽ നിന്നും രാജിവച്ച് മറ്റ് ജോലികളിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പള കുടിശ്ശിക നൽകാറുണ്ടായിരുന്നു. എന്നാൽ 2016-ൽ നിലവിൽ വന്ന 10-ാം ശമ്പളപരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയിട്ടില്ല. |
| (സി) | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അഞ്ചു വർഷക്കാലയളവിൽ (2014-19) പി.എസ്.സി. നിയമനം വഴി സിവിൽസപ്ലൈസ് കോർപറേഷനിൽ ജോലി | (സി) | ഉണ്ട്. 2016-ൽ നിലവിൽ വന്ന 10-ാം ശമ്പള പരിഷ്കരണം സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവായത് 2017-ൽ ആണ്. 01.07.2014 മുതൽക്കാണ് ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളത്. 01.07.2014-നോ അതിന് ശേഷമോ സപ്ലൈകോയിൽ നിന്ന് രാജിവച്ച് |

| | | | |
|---|---|---|---|
| | ചെയ്യുകയും പിന്നീട് മറ്റ് ജോലി ലഭിച്ച് കോർപറേഷനിൽ നിന്നും പിരിഞ്ഞു പോകുകയും ചെയ്തവർക്ക് ഈ കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക തുക കോർപറേഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | മറ്റ് ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഇവർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | 01.07.2014-നോ അതിന് ശേഷമോ സപ്ലൈകോയിൽ നിന്നും രാജിവച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന വിഷയം 19.11.2018-ൽ ചേർന്ന സപ്ലൈകോയുടെ 428-ാമത്തെ ബോർഡ് മീറ്റിംഗ് പരിഗണിക്കുകയുണ്ടായി. രാജിവച്ച ജീവനക്കാർക്ക് കുടിശ്ശിക അനുവദിക്കുന്നതിനായി ഏകദേശം 5.75 കോടി രൂപയുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ ധനസ്ഥിതി മെച്ചമല്ലായെന്ന കാരണത്താൽ രാജിവച്ച ജീവനക്കാർക്ക് കുടിശ്ശിക തുക അനുവദിക്കേണ്ടതില്ലെന്ന് പ്രസ്തുത ബോർഡ് യോഗം തീരുമാനിച്ചു. ബോർഡ് തീരുമാനത്തിനെതിരെ ശ്രീ.രാജേഷ്.കെ എന്നയാൾ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No.10756/19 ഫയൽ ചെയ്ത പെറ്റീഷൻ മേലുള്ള ബഹു.ഹൈക്കോടതിയുടെ 16.07.2019-ലെ വിധിന്യായത്തിൽ കുടിശ്ശിക തുക അനുവദിക്കാൻ ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ സപ്ലൈകോ അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ പെറ്റീഷനിൻമേൽ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ